**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 3455 | 24.06.2013-ൽ മറുപടിയ്ക്ക്

<u>അഖിലേഷിന്റെ മരണം ക്രൈംബ്രാഞ്ച് അന്വേഷിക്കണമെന്ന ആവശ്യം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ കളർകോട് അഭിലാഷ് ഭവനിൽ അഖിലേഷിന്റെ മരണം ക്രൈംബ്രാഞ്ച് അന്വേഷിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് അന്വേഷണ ഉദ്യോഗസ്ഥൻ; അന്വേഷണം എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. അഖിലേഷിന്റെ മരണം സംബന്ധിച്ച് ക്രൈംബ്രാഞ്ച് വിഭാഗം 16.4.2013 –ാം തീയതി മുതൽ അന്വേഷണം നടത്തി വരികയാണ്. ആലപ്പുഴ ക്രൈംബ്രാഞ്ച് എച്ച്. എച്ച്. ഡബ്ല്യൂ - 1 സബ് യൂണിറ്റ് ഡി. വൈ.എസ്. പി ശ്രീ. എസ്. റ്റി സുരേഷ് കുമാറാണ് അന്വേഷണം നടത്തി വരുന്നത്. |
| (ബി) | അഖിലേഷിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുമെന്ന് അറിയിച്ചിരുന്നെങ്കിലും ഇതുവരെ സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തിരമായി സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ? | (ബി) | മരണപ്പെട്ട അഖിലേഷിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5/4/2013 ന 1 ലക്ഷം രൂപയും, 29/4/2013 ന 2 ലക്ഷം രൂപയും അനുവദിച്ചിട്ടുള്ളതാണ്. നിയമാനുസരണം തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ